ഇഹ്സാൻ

# അങ്സംഗഢിലേക്കുള്ള യാത്രകൾ

യു.പിയിൽ പൊതുതെരഞ്ഞെടുപ്പിന് ബാക്കിയുള്ളത് ഇനി രണ്ട് വർഷമാണ്. മുഖ്യ എതിരാളികളായി മായാവതിയുടെ ബഹുജൻ സമാജ് പാർട്ടിയും മുലായം സിംഗിന്റെ സമാജ്വാദി പാർട്ടിയും മൂന്നും നാലും സ്ഥാനങ്ങളിലേക്കായി ബി.ജെ.പിയും കോൺഗ്രസും. ഇതായിരുന്നു കഴിഞ്ഞ പതിനഞ്ച് വർഷമായി സംസ്ഥാനത്തിന്റെ ചിത്രം. 2007–ലെ അസംബ്ലി തെരഞ്ഞെടുപ്പിലും പിന്നീട് നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിലും ബി.ജെ.പി കുറെക്കൂടി പിന്നാക്കം പോവുകയും കോൺഗ്രസ് മുന്നോട്ടു കുതിക്കുകയും ചെയ്തു. കോൺഗ്രസ്സിന്റെ കരുത്ത് വർധിച്ചുവരുന്നതനുസരിച്ച് മുലായം സിംഗ് ക്ഷയിക്കുകയും ഒപ്പം സംസ്ഥാനത്തെ മുസ്ലിംകൾക്കിടയിൽ പുതിയ രാഷ്ട്രീയകക്ഷികൾ പിറവിയെടുക്കുകയും ചെയ്തു. ഉലമാ കൗൺസിൽ, പീസ് പാർട്ടി, നാഷ്നൽ ലോക് താന്ത്രിക് പാർട്ടി എന്നീ സംഘടനകൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെയായിരുന്നു മുഖ്യ എതിരാളിയായി നേരിട്ടതും. പക്ഷേ മുസ്ലിംകളെ ചുറ്റിപ്പറ്റിയാണ് യു.പിയിലെ സംസ്ഥാന രാഷ്ട്രീയം അടുത്ത തെരഞ്ഞെടുപ്പിലും രൂപപ്പെടുന്നതെന്നാണ് വ്യക്തമാവുന്നത്. മായാവതിയും കോൺഗ്രസും എസ്.പിയും ഒരേപോലെ മുസ്ലിംകളെ ചാക്കിടാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

കേന്ദ്രത്തിൽ രണ്ടാം യു.പി.എ സർക്കാർ അധികാരമേറ്റ് ഒരു വർഷം തികയാനിരിക്കെയാണ് ഉത്തർപ്രദേശിന്റെ ചരിത്രം ദ്രുതഗതിയിൽ മാറിവരുന്നത്. സമാജ്വാദിയുടെ ഇപ്പോഴത്തെ ചിത്രം കയറുപൊട്ടിയ പട്ടത്തെയാണ് അനുസ്മരിപ്പിക്കുന്നത്. പാർട്ടി നടത്താൻ പണമില്ല, പാർട്ടിയിൽ പഴയ നിയന്ത്രണവുമില്ല. അമർസിംഗും കല്യാൺസിംഗും പോയതോടെ നേതാജി വീണ്ടും 'സാമൂഹികനീതി'യെ കുറിച്ച പഴയ സമവാക്യങ്ങളുടെ ആശാനാവുന്നുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ നീക്കങ്ങൾക്ക് ഒട്ടും മൂർച്ചയില്ലാതായി. റഷീദ് മസൂദ് എന്ന പഴയ സോഷ്യലിസ്റ്റ് താപ്പാനയെ പാർട്ടിയുടെ പുതിയ വൈസ് പ്രസിഡന്റായി, അവരോധിച്ചത് ഉദാഹരണം. പാർട്ടി വിട്ട മുസ്ലിം നേതാക്കളുടെ ചെരിപ്പിന്റെ വാറഴിക്കാൻ യോഗ്യതയില്ലാത്ത ഈ 'ഗതികിട്ടാപ്രേതം' മുലായത്തിന് എന്ത് ന്യൂനപക്ഷ പിന്തുണയാണാവോ കൊണ്ടുവരിക? ജയപ്രദയെയും അമർസിംഗിനെയും പുറത്താക്കിയെങ്കിലും റാംപൂരിൽ അസംഖാൻ നേതാജിക്ക് വഴങ്ങുന്ന ലക്ഷണം ഇതേവരെ കാണാനില്ല. പാർട്ടിവിട്ട മറ്റു മുസ്ലിം നേതാക്കളും തിരിച്ചെത്തുന്നതിനെ കുറിച്ച സൂചനകളില്ല. ഒരുകാലത്ത് ക്ഷത്രിയ സമുദായങ്ങൾ സമാജ്വാദിയെ പിന്തുണക്കുന്നതിന് കാരണമായ അമർസിംഗിന്റെ അസാന്നിധ്യം പാർട്ടിക്ക് പുതിയ ഭീഷണികളും തീർക്കുന്നുണ്ട്. ഠാക്കൂറുമാരുടെ പുതിയൊരു വോട്ടുബാങ്ക് സൃഷ്ടിക്കാനുള്ള സമർഥമായ നീക്കങ്ങളിലാണ് അമർസിംഗ്. ബേനിപ്രസാദ് വർമയും രാജ് ബബ്ബറും കോൺഗ്രസിൽ ചേക്കേറിയതും ജ്ഞാനേശ്വർ മിശ്രയുടെ മരണവും സമാജ്വാദിയെ മുമ്പെന്നെത്തേക്കാളും ദുർബലമാക്കുന്നുമുണ്ട്.

ഇറച്ചിവെട്ടുകാരെയും ബാർബർമാരെയും മുസ്ലിംകളിലെ പിന്നാക്കവർഗക്കാരായി ഉറപ്പിച്ചു നിർത്തി, അവരിൽനിന്ന് ചില പ്രതീകങ്ങളെ വളർത്തിയെടുത്താണ് മായാവതിയുടെ രാഷ്ട്രീയം ഇത്രയും കാലം മുന്നോട്ടുപോയത്. പ്രധാനമായും അ

ൻസാരികളും ഖുറൈശികളും മാത്രമാണ് പാർട്ടിയിൽ ചേക്കേറിയവർ. തെരഞ്ഞെടുപ്പു റാലികളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന വിഡ്ഢിവേഷമായി നസീമുദ്ദീൻ സിദ്ദീഖി മാറുകയും മറ്റ് പ്രധാനപ്പെട്ട മുസ്‌ലിം മുഖങ്ങളൊന്നും പാർട്ടിയിൽ ഉയർന്നുവരാതിരിക്കുകയും ചെയ്തതോടെ യു.പി മുസ്‌ലിംകൾക്ക് മായാവതി പ്രത്യേകിച്ച് ഒരു പ്രതീക്ഷയും നൽകാതായി. ദലിതനും ബ്രാഹ്മണനും തമ്മിലുള്ള സമവാക്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാറുള്ള മായാവതി തെരഞ്ഞെടുപ്പ് കാലത്ത് മാത്രമാണ് മുസ്‌ലിം സമൂഹത്തിന്റെ ആവലാതികളിലേക്ക് കണ്ണു തുറക്കാറ്. മുസ്‌ലിം സമൂഹത്തിന്റെ പൊതു ദൈന്യതക്ക് യു.പിയിൽ ഒരു മാറ്റവും കാണാനുമില്ല. പക്ഷേ പതിവിന് വിപരീതമായി രണ്ടു വർഷം മുമ്പേ തന്നെ ബി.എസ്.പി നാടകം കളിക്കാൻ തുടങ്ങുന്നതാണ് ശ്രദ്ധിക്കേണ്ട സാഹചര്യം. ഖുറൈശിമാരും അൻസാരികളും ബി.എസ്.പിയെ വിട്ടുപോയേക്കുമെന്ന ആശങ്കയല്ല ഇതിനു പിന്നിൽ. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ പോലും മുലായത്തോടൊപ്പം നിന്ന അസംതൃപ്ത മുസ്‌ലിംകളും ഇപ്പോൾ പാർട്ടി വിട്ട അമർസിംഗിന്റെ അനുയായികളും കോൺഗ്രസ്സിൽ ചേക്കേറുന്നതിന്റെ സാധ്യതയാണ് മായാവതി മുൻകൂട്ടി കാണുന്ന അപകടം.

ബട്‌ലാ ഹൗസ് സംഭവത്തിന്റെ മുറിവുകളിൽ വീണ്ടും ഉപ്പുതേച്ചു രസിക്കുന്ന കോൺഗ്രസ് മുസ്‌ലിം പിന്തുണയുടെ കാര്യത്തിൽ രണ്ടും കെട്ട നയവുമായാണ് രംഗത്തുള്ളത്. ശഹ്സാദ് അഹ്മദ് എന്ന മറ്റൊരു യുവാവിനെ കൂടി തങ്ങളുടെ നെറികെട്ട ഏറ്റുമുട്ടൽ കേസിന്റെ ആൾത്താരയിൽ ബലികൊടുക്കാനായി ദൽഹി പോലീസ് പിടിച്ചുകൊണ്ടുപോയത് ദിഗ് വിജയ് സിംഗിന്റെ അഅ്സംഗഢ് സന്ദർശനത്തിന് തൊട്ടുപിന്നാലെയാണ്. ബട്‌ലാ ഹൗസ് സംഭവത്തിൽ കൊല്ലപ്പെട്ടവർക്കും പിടിയിലായവർക്കും പുറമെ കെട്ടിടത്തിൽ നിന്നും പുറത്തേക്കു ചാടി രക്ഷപ്പെട്ട രണ്ടുപേരിലൊരാളാണത്രെ ശഹ്സാദ്. മാത്രമല്ല മോഹൻ ചന്ദ് ശർമയെ വെടിവെച്ചതും ശഹ്സാദായിരുന്നു പോൽ. ഇയാൾക്കെതിരെ സംഭവദിവസം തൊട്ടേ പോലീസിന്റെ പക്കൽ അറസ്റ്റ് വാറണ്ടും ഉണ്ടായിരുന്നു! ഇത്രക്കു നിർണായകമായ കഥാപാത്രമായിട്ടും കഴിഞ്ഞ ഒന്നര വർഷമായി വീട്ടിൽ നിന്ന് മറ്റെവിടെയും പോകാതെ ഇയാൾ അഅ്സംഗഢിലെ കാലിസ്പൂരിൽ കഴിയുന്നുണ്ടായിരുന്നെന്നാണ് അയൽവാസികൾ പറയുന്നത്. തങ്ങളുടെ സഹപ്രവർത്തകനെ 'കൊന്ന' കേസിലെ പ്രതിയെ പോലും പോലീസിന് ഇതേവരെ ആവശ്യമില്ലായിരുന്നുവെന്ന് ചുരുക്കം. ദൽഹിയിൽ നിന്നും പോലീസ് വരുന്നുണ്ടെന്ന അറിവായിരിക്കണം ഈ 'സോപ്പിടൽ' യാത്രയുടെയും സരായ്മീറിൽ ചെന്ന് നടത്തിയ സിംഗിന്റെ പ്രസ്താവനകളുടെയും ഹേതു. ബട്‌ലാ ഹൗസ് സംഭവത്തെ കുറിച്ച് സുതാര്യമായ അന്വേഷണം വേണമെന്ന ആവശ്യം സിംഗ് ഉന്നയിക്കുക മാത്രമല്ല അതേ കുറിച്ച വിവാദമുയർന്നപ്പോൾ സോണിയാഗാന്ധിയുടെ അറിവോടെയാണ് തന്റെ യാത്രയെന്ന് വിശദീകരിച്ച് ഒഴിഞ്ഞു മാറിയതും ശ്രദ്ധിക്കുക. ഇനി രാഹുൽ ഗാന്ധി പോയി പുതിയൊരു പ്രസ്താവന കൂടി പുറപ്പെടുവിക്കുമായിരിക്കും. സന്തോഷമായില്ലേ?

ഇരകളോടൊപ്പം ഓടുകയും നായ്ക്കളോടൊപ്പം വേട്ടയാടുകയും ചെയ്യുന്ന ഈ കോൺഗ്രസ്സിനെയാണ് പക്ഷേ യു.പിയിലെ മുസ്‌ലിംകൾ ഉറ്റുനോക്കുന്നത് എന്നതാണ് സങ്കടകരമായ യാഥാർഥ്യം! ■